**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1013** **12-06-2024 - ൽ മറുപടിയ്ക്ക്**

**നദീതീര സംരക്ഷണത്തിന് സംരക്ഷണഭിത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നദികളുടെ തീര സംരക്ഷണത്തിനു വേണ്ടി ഫ്ലഡ് ഡാമേജസ്/ഫ്ലഡ് കൺട്രോൾ, റിവർ മാനേജ്മെൻറ് ഫണ്ട് എന്നിവ വിനിയോഗിച്ച്, കരിങ്കൽ/കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് നദീതീരങ്ങളുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പദ്ധതി നിലവിൽ ഉണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) | നദികളുടെ തീരസംരക്ഷണത്തിനു വേണ്ടി എഫ്.ഡി, എഫ്.സി, ആർ.എം.എഫ് ഫണ്ടുകൾ വിനിയോഗിച്ച് കരിങ്കൽ, കോൺക്രീറ്റ് എന്നിവ ഉപയോഗിച്ച് നദീതീരങ്ങളുടെ സംരക്ഷണഭിത്തി നിർമ്മിക്കുന്ന പദ്ധതി നിലവിലുണ്ട്. എഫ്.ഡി വർക്കുകൾക്ക് 2711-01-103-98-00-34-94-03 എൻ.വി എന്ന ശീർഷകത്തിലും ഫ്ലഡ് കൺട്രോൾ വർക്കുകൾക്ക് (എഫ്.സി) 2711-01-103-99-03-34-03 എൻ.വി എന്ന ശീർഷകത്തിലും ലഭ്യമായ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തികളുടെ മുൻഗണനാ ക്രമത്തിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. |
| (ബി) | മണ്ണാർക്കാട് നഗരസഭാ പരിധിയിൽ നെല്ലിപ്പുഴ ഭാഗത്ത് കെ. എസ്. ആർ. ടി. സി. യും, നെല്ലിപ്പുഴ ശ്രീ ഭദ്രകാളി ക്ഷേത്രവും സ്ഥിതി ചെയ്യുന്ന ഭാഗത്ത് പുഴയിൽ നിന്നും വെള്ളം കയറി പുഴയുടെ തീരം ഇടിയുന്നത് തടയുന്നതിനായി സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകിയിട്ടും പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (ബി) | നെല്ലിപ്പുഴയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്ന 'RMF-Nellipuzha-side protection work to right bank side of Nellipuzha river to the upstream of Nellipuzha bridge at Nellipuzha in Mannarkad in Palakkad district' എന്ന പ്രവൃത്തിയുമായി ബന്ധപ്പെട്ട് ആർ.എം.എഫ്. ഫണ്ട് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് Rs. 70,00,000/- രൂപയുടെ പ്രവൃത്തിയുടെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഈ വർഷത്തെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ.എം.എഫ് ഫണ്ട് ലഭിക്കാത്ത പക്ഷം വകുപ്പിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |
| (സി) | നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പ്രവൃത്തിക്ക് ഫണ്ട് ലഭ്യമാക്കി ഭരണാനുമതി നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | നെല്ലിപ്പുഴയിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്ന 'RMF-Nellipuzha-side protection work to right bank side of Nellipuzha river to the upstream of Nellipuzha bridge at Nellipuzha in Mannarkad in Palakkad district' എന്ന പ്രവൃത്തിയുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് ആർ.എം.എഫ്. ഫണ്ട് ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് Rs. 70,00,000/- രൂപയുടെ പ്രവൃത്തിയുടെ പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ആവശ്യകതയും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും ഈ വർഷത്തെ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തി സമർപ്പിക്കുവാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആർ.എം.എഫ് ഫണ്ട് ലഭിക്കാത്ത പക്ഷം വകുപ്പിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പ്രവൃത്തി ഏറ്റെടുത്തു നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ